"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പാലാ നഗരസഭയിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ജോഷ.പി.എസ്.-ന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.384/2022/LSGD തീയതി,തിരുവനന്തപുരം, 21-02-2022

---

പരാമർശം:- 1. നഗരകാര്യഡയറക്ടറുടെ 28.11.2019,30.09.2021 തീയതികളിലെ ഇ3-14261/19 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പാലാ നഗരസഭയിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജോഷ.പി.എസ്. 01.05.2011 മുതൽ റിട്ടയർമെന്റ് തീയതിയായ 30.09.2017 വരെ സേവനത്തിൽ നിന്നും വിട്ടുനിന്ന കാലയളവിലേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശകത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലാ നഗരസഭയിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജോഷ.പി.എസ്. 01.05.2011 മുതൽ റിട്ടയർമെന്റ് തീയതിയായ 30.09.2017 വരെ സേവനത്തിൽ നിന്ന് വിട്ടുനിന്ന കാലയളവ്, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ശ്രീ. ജോഷ.പി.എസ്.-ന്റെ സേവനപുസ്തകം സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ജോഷ.പി.എസ്., സീനിയർക്ലർക്ക്(റിട്ട.), പാലാ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, പാലാ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ